## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2357 | 08-12-2015-ൽ മറുപടിക്ക്

### നിക്ഷേപ സംഗമം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി.കെ.സദാശിവൻ | | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ കാലയവളിൽ നടന്ന ഓരോ നിക്ഷേപ സംഗമത്തിലും ലക്ഷ്യമിട്ട നിക്ഷേപം എത്രയാണെന്നും ഓരോന്നിലും അതത് വർഷം ലഭ്യമായ നിക്ഷേപം എത്രയാണെന്നും വ്യക്തമാക്കാമോ ; | (എ) | ഈ സർക്കാരിന്റെ കാലയളവിൽ 2012 സെപ്റ്റംബർ 12 മുതൽ 14 വരെ കൊച്ചിയിൽ വച്ച് എമർജിങ്ങ് കേരള സംഗമം കെ.എസ്.ഐ.ഡി.സി മുഖേന നടത്തിയിരുന്നു. കേരളത്തെ ഒരു വ്യവസായ നിക്ഷേപ സൗഹൃദ സംസ്ഥാനമായി പുറംലോകത്തിനു മുന്നിൽ അവതരിപ്പിക്കുകയായിരുന്നു എമർജിങ്ങ് കേരള സംഗമത്തിലൂടെ ലക്ഷ്യമിട്ടത്. ആയതിനാൽ പ്രത്യേക നിക്ഷേപ ലക്ഷ്യം കണക്കാക്കിയിരുന്നില്ല. കൂടാതെ, ദീർഘകാല അടിസ്ഥാനത്തിലുള്ള സാമ്പത്തിക മുന്നേറ്റത്തിന് ആവശ്യമായ കർമ്മപദ്ധതികളും നിർദ്ദേശങ്ങളും സ്വരൂപിക്കുക എന്നതും എമർജിങ്ങ് കേരളയിലൂടെ ലക്ഷ്യമിട്ടിരുന്നു.<br><br>എമർജിങ്ങ് കേരള സംഗമത്തിൽ വിവിധ വകുപ്പുകളുടെ കീഴിലായി 177 പദ്ധതി നിർദ്ദേശങ്ങളാണ് തുടക്കത്തിൽ ലഭിച്ചത്.<br><br>2015 മാർച്ച് മാസം ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ അതത് വകുപ്പുകളിൽ നിന്നുള്ള ഉദ്യോഗസ്ഥർ അവതരിപ്പിച്ച ഈ പദ്ധതികളുടെ നിലവിലുള്ള സ്ഥിതി അവലോകനം ചെയ്തതിന്റെ അടിസ്ഥാനത്തിൽ പുരോഗമിക്കുന്ന 56 പദ്ധതികളാണ് ഇപ്പോൾ നിലവിലുള്ളത്, ഈ പദ്ധതികളുടെയെല്ലാം കൂടിയുള്ള ആകെ നിക്ഷേപം ഏകദേശം 32137 കോടി |

രൂപയാണ്. ഇതിൽ വ്യവസായ വകുപ്പിന്റെ കീഴിലുള്ള 14 പദ്ധതികളുടെ ആകെ നിക്ഷേപം 23334 കോടി രൂപയാണ്. ഇതിൽ രണ്ട് പദ്ധതികൾ പൂർത്തിയായി. ബാക്കിയുള്ള 12 പദ്ധതികൾ പുരോഗമിച്ചു വരുന്നു. പൂർത്തിയായ രണ്ട് പദ്ധതികളുടെയും കൂടിയുള്ള നിക്ഷേപം ഏകദേശം 209 കോടി രൂപയാണ്.

**(ബി)** ഓരോ നിക്ഷേപ സംഗമം നടത്തുന്നതിനും എത്ര പൊതു ധനം ഉപയോഗിച്ചിട്ടുണ്ടെന്ന് മേളകളുടെ പേരു സഹിതം വക്തമാക്കാമോ ?

**(ബി)** എമർജിംഗ് കേരള 2012 മായി ബന്ധപ്പെട്ട് നടത്തിയ വിവിധ പ്രവർത്തനങ്ങൾക്കായി സർക്കാർ ഇതു വരെ 19.73 കോടി രൂപ കെ.എസ്.ഐ.ഡി.സി മുഖേന ചെലവഴിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ